**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1307** **19-06-2024 - ൽ മറുപടിയ്ക്ക്**

**നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം, ആലപ്പുഴ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നേരേകടവ് - മാക്കേക്കടവ് പാലത്തിന്റെ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ; നിർമ്മാണം പൂർത്തിയാക്കി എന്നത്തേക്ക് ഗതാഗതത്തിനായി തുറന്ന് കൊടുക്കുവാൻ സാധിക്കും; പ്രസ്തുത നിർമ്മാണം മുടങ്ങുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പാലത്തിന്റെ നിർമ്മാണത്തിനായി M/s. ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനം 16/06/2016-ൽ കരാർ ഉടമ്പടി ഒപ്പുവെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്. പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 24 മാസം ആയിരുന്നു. ഹൈക്കോടതിയിൽ സ്ഥലമുടമകൾ ഫയൽ ചെയ്ത കേസുകൾ കാരണം സ്ഥലമെടുപ്പ് നടപടികൾ വൈകിയതിനാൽ കരാറുകാരന് നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമി; സ്ഥലമെടുപ്പ് സംബന്ധമായ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പിൽ നിന്നും 10/06/2022 തീയതിയിൽ ആണ് പൊതുമരാമത്ത് വകുപ്പിന് ലഭ്യമായത്. പ്രവൃത്തിയ്ക്കായി ഭൂമി വിട്ടുനൽകുന്നതിന് കാലതാമസം ഉണ്ടായതിനാൽ പ്രവൃത്തി തുടർന്ന് ചെയ്യുന്നതിനായി അവശേഷിക്കുന്ന പ്രവൃത്തിക്ക് റേറ്റ് റിവിഷൻ നൽകണമെന്ന് കരാറുകാരൻ അഭ്യർത്ഥിച്ചിരുന്നു. അതിൻപ്രകാരം അവശേഷിക്കുന്ന പ്രവൃത്തികൾ നിലവിലുള്ള കരാറുകാരൻ മുഖേന പൂർത്തീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും, 01/03/2024 തീയതിയിലെ സ.ഉ(കൈ)നം.14/2024/ പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം നിലവിലെ കരാറുകാരനെകൊണ്ട് ശേഷിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തു. അതിൻപ്രകാരം പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 04/09/2025 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | നിർമ്മാണം മുടങ്ങിയത് മൂലം സർക്കാരിനുണ്ടായ അധിക ബാധ്യത എത്ര രൂപയാണെന്നും ആയതിന് | (ബി) | 98.09 കോടി രൂപ (4.30 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ) ഭരണാനുമതി ലഭിച്ചിരുന്ന |

| | | | |
|---|---|---|---|
| | കാരണക്കാർ ആരെല്ലാമാണെന്നും അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | | പദ്ധതി കരാർ കമ്പനിയായ M/s ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനം 78.4 കോടി രൂപയ്ക്കാണ് കരാർ ഏറ്റെടുത്തിരുന്നത്. സ്ഥലമെടുപ്പ് സംബന്ധമായ പ്രശ്നങ്ങളെ തുടർന്ന് പ്രവൃത്തി നിർത്തിവെക്കേണ്ടി വന്നപ്പോൾ 50.48 കോടി രൂപയുടെ പ്രവൃത്തി കരാറുകാരൻ പൂർത്തീകരിച്ചിരുന്നു. ബാലൻസ് പ്രവൃത്തികൾക്ക് 01/03/2024-ലെ സ.ഉ(കൈ)നം. 14/2024/പൊ.മ.വ ഉത്തരവ് പ്രകാരം 42,87,39,520/-രൂപയ്ക്ക് (നാൽപത്തിരണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത് രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് ഭരണാനുമതി തുകയിൽ ഉൾക്കൊള്ളുന്നതാണ്. ഹൈക്കോടതിയിൽ സ്ഥലമുടമകൾ ഫയൽ ചെയ്ത കേസുകൾ കാരണം സ്ഥലമെടുപ്പ് നടപടികൾ വൈകിയതിനാലാണ് നിർമ്മാണം മുടങ്ങിയത്. |

സെക്ഷൻ ഓഫീസർ